SOCIAL SCIENCE

# വിവാഹം, ലൈംഗികത, വസ്ത്രധാരണം: കലാലയ വിദ്യാർത്ഥികളുടെ ചിന്തയും മനോഭാവവും

**ഡോ. മുഹമ്മദ് ബഷീർ കെ.കെ.**
അസോസിയേറ്റ് പ്രൊഫസർ, മലയാളവിഭാഗം,
പി.ടി.എം. ഗവ. കോളേജ്, പെരിന്തൽമണ്ണ

**അമ്മു കെ.എസ്.**
മലയാളവിഭാഗം,
കെ.കെ.ടി.എം. ഗവ. കോളേജ്, പുല്ലൂറ്റ്

**സംഗ്രഹം**

വിവാഹം, ലൈംഗികത, വസ്ത്രധാരണം എന്നീ വിഷയങ്ങളിൽ കേരളത്തിലെ കലാലയ വിദ്യാർത്ഥികളുടെ കാഴ്ചപ്പാടുകളെ ക്രോഡീകരിച്ച് സാംസ്കാരികവിശകലനം നടത്തുകയാണ് ഈ പഠനത്തിലൂടെ ഉദ്ദേശിക്കുന്നത്. സോഷ്യൽ മീഡിയ, പരസ്യങ്ങൾ, ചലച്ചിത്രങ്ങൾ എന്നിവ ഈ പ്രചരണങ്ങളിൽ മുഖ്യപങ്ക് വഹിക്കുന്നു. സാമ്പ്രദായിക സങ്കൽപ്പങ്ങൾ മാറിമറയുന്ന ഇക്കാലത്ത് തങ്ങളുടെ സ്വയം നിർണ്ണയാവകാശങ്ങളെ കുറിച്ച് യുവതലമുറ ബോധവാന്മാരാണ്. പരമ്പരാഗത ആചാരവിശ്വാസങ്ങൾ ഉപേക്ഷിച്ച് കൂടുതൽ സ്വകാര്യവും വ്യക്തിപരമായ താൽപര്യങ്ങൾക്കനുസരിച്ചുമുള്ള വിവാഹം, വസ്ത്രധാരണം എന്നിവയിലെ തിരഞ്ഞെടുപ്പ് ഇത് ശരിവയ്ക്കുന്നു.

**താക്കോൽവാക്കുകൾ:** വിവാഹം – ലൈംഗികത - വസ്ത്രധാരണം - മനോഭാവം - സാംസ്കാരികവിശകലനം

പ്രാരംഭകാലം മുതൽ നിരന്തരം പരിണാമങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്ന സ്ഥിതിവിശേഷമാണ് മനുഷ്യവർഗ്ഗത്തിനുള്ളത്. കടന്നുപോകുന്ന കാലത്തിനനുസരിച്ച് സമൂഹം കൃത്രിമമായി കെട്ടിയുണ്ടാക്കിയ ചട്ടക്കൂടുകൾക്കുള്ളിലാണ് അവരുടെ ജീവിതം. ജാതി – മത – ലിംഗാധികാരം നിലനിർത്തുകയെന്ന അധികാരവർഗ്ഗത്തിന്റെ താൽപര്യങ്ങളെ സംരക്ഷിക്കുകയായിരുന്നു അവയുടെ പരമമായ ലക്ഷ്യം. സദാചാരനിഷ്ഠമായ ഈ ചങ്ങലക്കെട്ടുകൾ പൊട്ടിച്ചെറിയുവാൻ സ്വാതന്ത്ര്യമോഹികളായ മനുഷ്യർ എക്കാലവും പരിശ്രമിച്ചിരുന്നു. പാരമ്പ

ര്യത്തിന്റെ കപടതകളിൽ അഭിരമിക്കാതെ അവർ തങ്ങളുടെ അവകാശങ്ങൾക്കായി പൊരുതി ചരിത്രത്തിൽ ഇടം നേടി. എന്നാൽ ഈ ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ അന്ത്യപാദത്തിലും വ്യക്തിപരമായ സ്വയംനിർണ്ണയാവകാശങ്ങളുടെ സമ്പൂർണ്ണമായ അധികാരം ഇപ്പോഴും ഭൂരിഭാഗം പേർക്കും അപ്രാപ്യമാണ് എന്നാണ് പഠനങ്ങൾ തെളിയിക്കുന്നത്. വിവാഹം, ലൈംഗികത, വസ്ത്രധാരണം എന്നീ അടിസ്ഥാനപരമായ ആശയങ്ങളെക്കുറിച്ചുള്ള കേരളത്തിലെ കലാലയ വിദ്യാർത്ഥികളുടെ കാഴ്ചപ്പാടുകളെ ക്രോഡീകരിച്ച് വിശകലനം ചെയ്യുകയാണ് ഈ പ്രബന്ധത്തിലൂടെ ഉദ്ദേശിക്കുന്നത്.

സ്വന്തം അസ്തിത്വത്തെ തിരിച്ചറിയുകയും പ്രകടിപ്പിക്കുകയും അവകാശങ്ങൾക്കായി പോരാടുകയും ചെയ്യുന്ന യുവതലമുറയിലാണ് ഭാവിയുടെ പ്രതീക്ഷ. വിവാഹം, ലൈംഗികത, വസ്ത്രധാരണം എന്നിവയുടെ ചരിത്രം പരിശോധിക്കുന്നതിലൂടെ പിന്നിട്ട വഴികളെക്കുറിച്ച് സാമാന്യമായ ധാരണ ഈ പഠനത്തിലൂടെ സാധ്യമാകുന്നു. കൂടാതെ കേരളത്തിലെ കലാലയ വിദ്യാർത്ഥികൾക്ക് മേൽപ്പറഞ്ഞ വിഷയങ്ങളെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ വിശകലനം ചെയ്യുന്നതിലൂടെ സമൂഹത്തിൽ വന്ന മാറ്റങ്ങളെ തിരിച്ചറിയാനും കഴിയും എന്നതാണ് പഠനത്തിന്റെ പ്രസക്തി.

**രീതിശാസ്ത്രം**

സർവേരീതിയാണ് ദത്തശേഖരണത്തിനായി തിരഞ്ഞെടുത്തത്. വിവാഹം, ലൈംഗികത, വസ്ത്രധാരണം എന്നീ വിഷയങ്ങളിലായി 35 ചോദ്യങ്ങളാണ് അതിനായി ഉപയോഗിച്ചിരിക്കുന്നത്. 'വിവാഹം' എന്ന വിഷയത്തിൽ ആകെ 13 ചോദ്യങ്ങളാണുള്ളത്. അതിൽ 8 എണ്ണം സ്റ്റേറ്റ്മെന്റ് ചോദ്യങ്ങളും 5 എണ്ണം ഓപ്പൺ എൻഡഡ് ചോദ്യങ്ങളുമാണ്. 'ലൈംഗികത'യിൽ പത്ത് സ്റ്റേറ്റ്മെന്റ് ചോദ്യങ്ങളും ഒരു ഓപ്പൺ എൻഡഡ് ചോദ്യവും ഒരു യെസ്/നോ ചോദ്യവും അടങ്ങിയിരിക്കുന്നു. 'വസ്ത്രധാരണ'ത്തിൽ നാല് സ്റ്റേറ്റ്മെന്റ് ചോദ്യങ്ങളും ആറ് ഓപ്പൺ എൻഡഡ് ചോദ്യങ്ങളുമാണ് ഉള്ളത്.

**പരിച്ഛേദ(Sampling)ത്തിന്റെ തിരഞ്ഞെടുപ്പ്**

കേരളത്തിലെ തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള പതിനാല് ജില്ലകളിലെ 48 കോളേജുകളിൽ നിന്നും ആനുപാതികവും ആകസ്മികവുമായി (random sampling) 135 പ്രതികരണങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്. ദത്തശേഖരണത്തിനായി stratified random sampling രീതിയാണ് അവലംബിച്ചിട്ടുള്ളത്. പതിനെട്ടിനും മുപ്പതിനും ഇടയിൽ പ്രായമുള്ള കേരളത്തിലെ കലാലയ വിദ്യാർത്ഥികളാണ് പഠനത്തിന്റെ കേന്ദ്രം. വിവിധ കലാലയങ്ങളിൽ നിന്ന് ലഭിച്ച 135 പ്രതികരണങ്ങളിൽ സ്ത്രീകൾ 124(91.9%), പുരുഷന്മാർ 10 (7.4%), മറ്റുള്ളവർ 1 (0.7%) എന്നിങ്ങനെയാണ് പ്രാതിനിധ്യം. ശേഖരിച്ച ഡാറ്റ പട്ടികകളും ഗ്രാഫുകളുമായി (pie chart, bar diagram) ചിട്ടപ്പെടുത്തി. ദത്തവിശകലനത്തിനായി 'ശതമാനം' എന്ന സംഖ്യാസമ്പ്രദായമാണ് എടുത്തിട്ടുള്ളത്. ശതമാനത്തിലേക്ക് ക്രോഡീകരിച്ച പ്രതികരണങ്ങളെ പിന്നീട് ഗുണാത്മക(Qualitative) വിശകലനത്തിന് വിധേയമാക്കുകയാണ് ചെയ്തിട്ടുള്ളത്.

**വിവാഹം – സാമാന്യചരിത്രം**

മനുഷ്യജീവിതത്തിലെ ദിശാവ്യതിയാനത്തെക്കുറിക്കുന്ന ഒന്നാണ് വിവാഹം. പ്രകൃതിജീവി

യിൽ നിന്ന് സമൂഹജീവിയിലേക്കുള്ള മനുഷ്യന്റെ മാറ്റത്തിന് ഒരു സുപ്രധാന വഴിത്തിരിവായത് വിവാഹത്തെ കുറിച്ചുള്ള ധാരണകളാണ് എന്ന് പറയാം. ഭാരതീയ സംസ്കാരത്തിന്റെ അടിസ്ഥാനമായ വേദങ്ങൾ, സ്മൃതികൾ, പുരാണങ്ങൾ, ഇതിഹാസകാവ്യങ്ങൾ എന്നിവയിലെല്ലാം വിവാഹത്തിന് ഉന്നതവും ഉദാത്തവുമായ സ്ഥാനം നൽകിയിട്ടുണ്ട്. വിവിധ ഗോത്രങ്ങൾക്കും വംശങ്ങൾക്കും തങ്ങളുടെ വിശ്വാസങ്ങൾക്കും ആചാരങ്ങൾക്കും അനുസൃതമായി വിവാഹരീതിയിൽ വ്യത്യാസങ്ങൾ ഉണ്ടായിരുന്നുവെങ്കിലും അടിസ്ഥാനപരമായി വിവാഹത്തെ സംബന്ധിച്ച പൊതുധാരണകൾ ഏറെക്കുറേ സമാനമാണ് എന്നു കാണാം.

ആദിമമനുഷ്യൻ ഗോത്രങ്ങളായി ജീവിക്കാൻ ആരംഭിക്കുന്നതോടെ അവരുടെ വ്യക്തിജീവിതത്തിലും ലൈംഗികജീവിതത്തിലും സാമൂഹികമായ വിലക്കുകളും നിബന്ധനകളും കടന്നുവന്നു. അതുവരെയുള്ള പ്രാകൃതജീവിതത്തിൽ ഏത് പുരുഷനും ഏത് സ്ത്രീയോടും ബന്ധപ്പെടാം എന്ന സാഹചര്യമായിരുന്നു. 'മാനവികതയുടെ ശൈശവഘട്ടം'എന്നാണ് എംഗൽസ് ഈ കാലത്തെ വിശേഷിപ്പിക്കുന്നത്. പിന്നീട് സംഘം ചേർന്നുള്ള ഒരു കൂട്ടുകുടുംബവ്യവസ്ഥിതി രൂപം കൊള്ളുന്നു. ഒരു സംഘത്തിന് മുഴുവൻ തുണയായി ഒരു സ്ത്രീയെ സ്വീകരിക്കുന്ന സംഘവിവാഹമാണ് അന്നുണ്ടായിരുന്നത്. സംഘത്തിനകത്തുള്ള ആരുമായും ലൈംഗികമായി ബന്ധപ്പെടാൻ അവർ നിർബന്ധിതരാകുന്നു. പിൽക്കാലത്ത് ഇത്തരം സംഘവിവാഹാചാരങ്ങൾ ഒരു തലവന് ഒരു സ്ത്രീയെന്ന രീതിയിൽ പരിഷ്കരിക്കപ്പെടുന്നുണ്ട്.

പത്തൊൻപതാം നൂറ്റാണ്ടിലെ കേരളീയപരിസരം ദായക്രമത്തിലധിഷ്ഠിതമായ കൂട്ടുകുടുംബവ്യവസ്ഥയാണ് പിന്തുടർന്നിരുന്നത്. നമ്പൂതിരിസമുദായത്തിൽ പിതൃദായകമായ മക്കത്തായമാണ് നിലവിലുണ്ടായിരുന്നത്. കുടുംബത്തിലെ മൂത്ത കാരണവർക്കായിരുന്നു സ്വത്തധികാരം. സ്വജാതിയിൽ നിന്നുള്ള വിവാഹത്തിനും അർഹത മൂത്തപുത്രനായിരുന്നു. 'വേളി' എന്നായിരുന്നു അതറിയപ്പെട്ടത്. പ്രധാനമായും പുത്രോൽപ്പാദനമായിരുന്നു ലക്ഷ്യം. മക്കളില്ലാത്ത അവസ്ഥയിൽ വീണ്ടും വേളി കഴിക്കാനും അവർക്ക് സാധിക്കുമായിരുന്നു. ഒന്നിലധികം സംബന്ധവും ഇക്കൂട്ടർക്ക് പതിവായിരുന്നു. എന്നാൽ സ്വത്തവകാശമില്ലാത്ത അനുജന്മാർക്ക് (അഫ്ഫൻ) സ്വജാതിയിൽനിന്നുള്ള വിവാഹം നിഷിദ്ധമായിരുന്നു. നായരടക്കമുള്ള ജാതിയിൽ സംബന്ധം കൂടുകയാണ് അവർ തുടർന്നുപോന്നിരുന്നത്. കേരളത്തിലെ നായർ തറവാടുകളിൽ മാതൃദായകക്രമമാണ് പിന്തുടർന്നിരുന്നത്. സ്വത്തിനവകാശികൾ സ്ത്രീകളാണ് എങ്കിലും സമ്പത്ത് കൈകാര്യം ചെയ്തിരുന്നത് കാരണവരായിരുന്നു. നായർ യുവതിയുടെ സംബന്ധക്കാരനെ കണ്ടുപിടിക്കുന്നതും അയാൾതന്നെ. സ്ത്രീക്ക് തന്റെ പങ്കാളിയെ കണ്ടെത്താനുള്ള സ്വാതന്ത്ര്യം ഉണ്ടായിരുന്നില്ല. ഒരേസമയം ഒന്നിൽകൂടുതൽ സംബന്ധങ്ങളും സാധാരണമായിരുന്നു. ടിപ്പുസുൽത്താൻ അടക്കമുള്ള അധീശശക്തികൾ ഈ ജീവിതത്തെ വേശ്യാവൃത്തി ആയാണ് കണ്ടിരുന്നത്. വൈവാഹിക ബന്ധത്തിലൂടെയല്ലാത്ത ലൈംഗികജീവിതം പാപമാണെന്ന ക്രിസ്തുമത വിശ്വാസം ഈ സംബന്ധവ്യവസ്ഥയെ തകർക്കുന്നതിന് കൊളോണിയൽ അധികാരികൾക്ക് ശക്തിപകർന്നു. മലബാർ മാര്യേജ് ആക്ട് പ്രകാരം സംബന്ധം രജിസ്റ്റർ ചെയ്ത് നിയമപ്രകാരം വിവാഹിതരാകാൻ ഇത് ആളുകളെ പ്രേരിപ്പിച്ചു.

**ലൈംഗികതയുടെ ചരിത്രം**

ഒരു വ്യക്തിക്ക് മറ്റുള്ളവരോടുള്ള വൈകാരികമോ പ്രണയപരമോ ലൈംഗികമോ ആയ

ആകർഷണത്തെ സാമാന്യാർത്ഥത്തിൽ ലൈംഗികത എന്നു വിളിക്കാം. ലൈംഗിക ആഭിമുഖ്യം (ലൈംഗികപരമായ ആകർഷണം), ലൈംഗിക പെരുമാറ്റം (ശാരീരികമായ അടുപ്പപ്രകടനം), ലൈംഗിക ഐഡന്റിറ്റി (സ്വലൈംഗികതയെ എങ്ങനെ തിരിച്ചറിയുകയും പ്രകടിപ്പിക്കുകയും ചെയ്യുന്നു) എന്നിവ ലൈംഗികതയുടെ വിവിധ തലങ്ങളാണ്. പ്രധാനമായും സാമൂഹികവും സാംസ്കാരികവുമായ ഒരു നിർമ്മിതിയാണ് ലൈംഗികത. സ്വകാര്യവും വ്യക്തിപരവുമായ സ്വയം തിരിച്ചറിയലായ ലൈംഗികതയുടെ പൊതുവായി അംഗീകരിക്കപ്പെട്ട ചില രൂപങ്ങൾ ഇവയാണ്:

ഭിന്നലൈംഗികത (Hetero Sexuality) – എതിർ ലിംഗത്തിൽ പെട്ട ആളുകളോടുള്ള ആകർഷണം

സ്വവർഗ്ഗലൈംഗികത (Homo Sexuality) – സമാനലിംഗത്തിൽപ്പെട്ടവരോടുള്ള ആകർഷണം (ഇത്തരം പുരുഷന്മാരെ 'ഗേ' എന്നും സ്ത്രീകളെ 'ലെസ്ബിയൻ' എന്നും വിളിക്കുന്നു.)

ബൈസെക്ഷ്വാലിറ്റി (Bisexuality) – സ്ത്രീയോടും പുരുഷനോടും ഒരുപോലെ ആകർഷണം

അലൈംഗികത (Asexuality) – ലൈംഗികമായ ആകർഷണം ഇല്ലാത്ത അവസ്ഥ

ഇവ കൂടാതെ പാൻ സെക്ഷ്വാലിറ്റി, ഓട്ടോ സെക്ഷ്വാലിറ്റി, ലിത്തോ സെക്ഷ്വാലിറ്റി, സ്കോളിയോ സെക്ഷ്വാലിറ്റി എന്നിങ്ങനെ ദിനംപ്രതി പുതിയ വിഭജനങ്ങൾ വർദ്ധിച്ചു വരുന്നു.

വിക്ടോറിയൻ ലൈംഗികബോധത്തിന്റെ 'അടിച്ചമർത്തൽ സിദ്ധാന്ത'ത്തെ വിമർശനാത്മകമായി വിലയിരുത്തുന്ന കൃതിയാണ് ഫൂക്കോയുടെ 'ലൈംഗികതയുടെ ചരിത്രം'(History of Sexuality). 1976 മുതൽ 1984 വരെയുള്ള കാലയളവിൽ മൂന്ന് വാല്യങ്ങളായി പ്രസിദ്ധീകരിച്ച ഈ കൃതി ലൈംഗികതയുടെ ചരിത്രപരവും സാമൂഹികവുമായ വികാസത്തെ സമഗ്രവും ശാസ്ത്രീയവുമായി അപഗ്രഥിക്കാൻ ശ്രമിക്കുന്നു. ലൈംഗികത കേവലം സ്വകാര്യമോ ജീവശാസ്ത്രപരമോ ആയ ഒന്നല്ല, മറിച്ച് അത് സാമൂഹിക അധികാരബന്ധങ്ങളിലും വിജ്ഞാനോൽപ്പാദനത്തിലും ആഴത്തിൽ ഉൾച്ചേർന്നിരിക്കുന്ന ഒന്നാണ് എന്ന് ഫൂക്കോ നിരീക്ഷിക്കുന്നു. വിക്ടോറിയൻ 'അടിച്ചമർത്തൽ സിദ്ധാന്ത'ത്തെ അദ്ദേഹം പാടെ വിമർശിക്കുന്നു. കൂടാതെ ഈ ഘട്ടത്തിലാണ് ലൈംഗികതയെക്കുറിച്ചുള്ള സജീവവും തുറന്നതുമായ ചർച്ചകൾക്ക് കൂടുതൽ ശ്രദ്ധ ലഭിക്കുന്നത് എന്ന് അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. ലൈംഗികത മനുഷ്യന്റെ സ്വാഭാവികമോ അന്തർലീനമോ ആയ ഒന്നല്ലയെന്നും സാമൂഹികാധികാരത്തിന്റെ സ്വാധീനം അതിനുണ്ടെന്നും അദ്ദേഹം അവകാശപ്പെടുന്നു. ശക്തി, അധികാരം, അറിവ്, ആത്മനിഷ്ഠത എന്നീ ആശയങ്ങളെ സംയോജിപ്പിച്ചുകൊണ്ട് ലൈംഗികതയെ പുനർനിർവചിക്കാനാണ് ഫൂക്കോ ശ്രമിച്ചത്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ശരീരം ചരിത്രത്തിനും സംസ്കാരത്തിനും പുറത്ത് നിൽക്കുന്ന വസ്തുനിഷ്ഠമായ കാര്യമല്ല. സമൂഹവുമായുള്ള നിരന്തര സമ്പർക്കമാണ് അതിനെ രൂപപ്പെടുത്തുന്നത്. ശരീരത്തിന്റെ ചരിത്രപരമായ നിർമ്മിതിയെ കുറിച്ചുള്ള ഫൂക്കോയുടെ കാഴ്ചപ്പാടുകൾ ലോകമെമ്പാടുമുള്ള ഫെമിനിസ്റ്റ് – ക്വീർ സൈദ്ധാന്തികരെ സ്വാധീനിച്ച ഘടകങ്ങളാണ്.

## വസ്ത്രധാരണം – ചരിത്രം

'സാധാരണയിൽ കവിഞ്ഞ നീളവും വീതിയുമുള്ള തുണി'യെയാണ് വസ്ത്രമെന്ന് വിളിച്ചിരുന്നത്. നഗ്നത മറയ്ക്കുക എന്ന പ്രാഥമിക ആവശ്യത്തിൽ നിന്നുമാറി ആചാരാനുഷ്ഠാനബദ്ധമായ


ISSN: 2582 - 2594

ധർമമാണ് ആദ്യ കാലത്ത് വസ്ത്രങ്ങൾക്കുണ്ടായിരുന്നത്. അക്കാലത്തെ സാമൂഹികഘടനയെ നിർണ്ണയിച്ചിരുന്ന ജാതിവ്യവസ്ഥയ്ക്ക് ആക്കം കൂട്ടുവാൻ വസ്ത്രങ്ങളിലും ജാതീയമായ വേർതിരിവുകൾ അനിവാര്യമായിരുന്നു. ജാതിചിഹ്നങ്ങളായി മാറിയ വസ്ത്രങ്ങളിലെ നേരിയ വ്യതിയാനങ്ങൾപോലും കടുത്ത ആചാര ലംഘനമായിരുന്നു. കൊളോണിയൽ വ്യാപാരബന്ധങ്ങളും ക്രൈസ്തവ മിഷണറി പ്രവർത്തനങ്ങളുമാണ് ആധുനികരീതിയിലുള്ള വസ്ത്ര സങ്കൽപ്പങ്ങൾക്ക് വിത്തുപാകിയത്.

### ആധുനികതയും സാമൂഹികാവബോധങ്ങളും

കൊളോണിയൽ ആധുനികതയുടെ കടന്നുവരവും തത്ഫലമായുള്ള സാമൂഹികമാറ്റങ്ങളും പുതിയൊരു അവബോധം സൃഷ്ടിക്കുന്നതിന് കാരണമായി. ശരീരത്തിൽനിന്നും വസ്ത്രങ്ങളിൽനിന്നും ജാതിചിഹ്നങ്ങൾ പറിച്ചെറിയുന്നതിന്, അത് ആളുകൾക്ക് ധൈര്യം പകർന്നു. ചാന്നാർ സ്ത്രീകൾ നടത്തിയ മാറുമറയ്ക്കൽ കലാപം ചരിത്രരേഖകളിൽ ഇടംപിടിച്ചു. കേവലം നഗ്നത മറയ്ക്കുന്നതിനായല്ല, മറിച്ച് തങ്ങളുടെ അവകാശങ്ങളെ ഉയർത്തിപ്പിടിക്കാനും സ്വശരീരങ്ങൾക്ക് നേരെയുള്ള കടന്നുകയറ്റങ്ങളെ ചെറുത്തുതോൽപ്പിക്കാനും കൂടിയായിരുന്നു അത്തരം സമരങ്ങൾ. 'ചാന്നാന്മാർ ആവശ്യപ്പെട്ടത് സഭ്യതയല്ല, പദവിയാണെന്ന്' റോബിൻ ജെഫ്രി എടുത്തുപറയുന്നു (87, നായർ മേധാവിത്വത്തിന്റെ പതനം). നാണം, ലജ്ജ എന്നിവയ്ക്ക് നഗ്നതയുമായി യാതൊരു ബന്ധവും ഉണ്ടായിരുന്നില്ല. ജാതി - ലിംഗഭേദമന്യേ ഏറെക്കുറെ എല്ലാവരുംതന്നെ അരയ്ക്കുമുകളിൽ നഗ്നരായിരുന്നു. മേൽശരീരം മറച്ചുവെക്കുന്നത് അശ്ലീലവും ധിക്കാരവുമായ പ്രവർത്തിയായാണ് അക്കാലത്ത് കണ്ടിരുന്നത്. മാറു മറയുന്ന ജാക്കറ്റ് ധരിച്ചെത്തിയ കീഴാള സ്ത്രീകളെ ദേഹോപദ്രവം ഏൽപ്പിച്ചും ബലമായി വസ്ത്രം വലിച്ചു കീറിയും സവർണ്ണമേലാളന്മാർ അപമാനിക്കുന്നത് നിത്യ സംഭവമായിരുന്നു. കൊളോണിയൽ ആധുനികതയുടെ വരവോടെ നഗ്നതയും നാണവും പുതുതായി നിർവചിക്കപ്പെട്ടു. ശരീരം മറയ്ക്കുക എന്നത് അന്തസ്സറ്റ കാര്യമായി. 'മാറു മറയ്ക്കൽ സമരകാലത്ത് മിഷണറിമാർ കേരളത്തിലങ്ങോളമിങ്ങോളം ആയിരക്കണക്കിന് റൗക്കകൾ വിതരണം ചെയ്തിരുന്നു. ജാക്കറ്റുകൾക്കൊപ്പം വിക്ടോറിയൻ സദാചാര മൂല്യം കൂടിയാണ് അവർ വിതരണം ചെയ്തത്. ഈ വിത്ത് പിന്നീട് മുളച്ചു പടർന്ന് പന്തലിച്ച് സ്ത്രീശരീരത്തെ അതിന്റെ എല്ലാ അസ്തിത്വങ്ങളിൽനിന്നും അടർത്തിമാറ്റി ലൈംഗികമായി മാത്രം ചുരുക്കിക്കൊണ്ട് സദാചാരത്തിന്റെ ഒരു ബലതന്ത്രത്തെ ആൺ - പെൺ ബന്ധങ്ങൾക്കകത്തും പൊതുസമൂഹത്തിലും വളർത്തിയെടുത്തു' എന്ന് ഉഷാകുമാരി നിരീക്ഷിക്കുന്നുണ്ട് (17, ശരീരത്തിന്റെ സാമൂഹിക ഭാവനകൾ).

### കണ്ടെത്തലുകൾ

- വിവാഹം അനിവാര്യമായ ഒരു സ്ഥാപനമാണെന്ന വാദത്തോട് 74.1% പേർ യോജിക്കുകയും 25.9% പേർ വിയോജിക്കുകയും ചെയ്യുന്നു.
- കേരളത്തിലെ പരമ്പരാഗത വിവാഹാചാരങ്ങൾ ഇപ്പോഴും പ്രസക്തമാണെന്ന് 66% അംഗീകരിക്കുമ്പോൾ 34% പേർ ഇതിനോട് യോജിക്കുന്നില്ല.
- വിവാഹബന്ധം കൂടാതെയുള്ള സഹജീവിതത്തെ (living together) 42.2% പിന്തുണ

ക്കുകയും 57.8% പേർ ഇതിനോട് വിയോജിപ്പ് പ്രകടിപ്പിക്കുകയും ചെയ്യുന്നു.

- വിവാഹം ഭാവിയിൽ പ്രസക്തിയോടെ തുടരുമെന്ന് 65.2% വിശ്വസിക്കുന്നു. 34.8% പേർ ഇതിനോട് യോജിക്കുന്നില്ല.
- വിവാഹം ഒഴിവാക്കിക്കൊണ്ടുള്ള ഭാവിജീവിതം സ്ത്രീക്ക്/പുരുഷന് സാധ്യമല്ല എന്ന് 43% പേരും സാധ്യമാണ് എന്ന് 57% പേരും അഭിപ്രായപ്പെടുന്നു.
- തന്റെ ജീവിതപങ്കാളി മറ്റൊരാളുമായി ലൈംഗികബന്ധത്തിൽ ഏർപ്പെട്ടിട്ടുള്ള വ്യക്തിയാകുന്നതിനോട് 68.2% പേർ യോജിക്കുന്നില്ല. 31.9% പേർ ഇതംഗീകരിക്കുന്നവരാണ്.
- വിവാഹശേഷം തങ്ങളുടെ പങ്കാളിക്ക് മറ്റ് ലൈംഗികബന്ധം ഉണ്ടാകുന്നതിനോട് 91.9% പേർ വിയോജിക്കുന്നു.
- പങ്കെടുത്തവരിൽ 61.5% ലവ് – അറേഞ്ച്ഡ് വിവാഹം ആഗ്രഹിക്കുമ്പോൾ 20.7% പേർ പ്രണയവിവാഹത്തിൽ താത്പര്യപ്പെടുന്നു. 11.9% സാധാരണ അറേഞ്ച്ഡ് വിവാഹരീതി തന്നെയാണ് പിന്തുടരുന്നത്. 5.2% പേർ വിവാഹം കഴിക്കാൻ ആഗ്രഹിക്കുന്നില്ല.
- 73.3% ആളുകളും തങ്ങളുടെ വിവാഹസങ്കൽപ്പങ്ങൾ രൂപപ്പെടുത്തിയത് കുടുംബമാണെന്ന അഭിപ്രായക്കാരാണ്. 46.7% പേർ സുഹൃത്തുക്കളെയും 31.9% പേർ സോഷ്യൽ മീഡിയയെയും 28.9% പേർ സംസ്കാരവും വിവാഹ കാഴ്ചപ്പാടുകളെ സ്വാധീനിച്ച ഘടകങ്ങളായി ചൂണ്ടിക്കാട്ടുന്നു. വ്യക്തിപരമായ ചിന്ത (4.9%), അനുഭവങ്ങൾ (3.5%) എന്നിവയാണ് മറ്റ് ഘടകങ്ങൾ.
- വിവാഹിത/തൻ ആകാനുള്ള കാരണം ആയി 80.7% പേരും ചൂണ്ടിക്കാണിക്കുന്നത് സ്നേഹമാണ്. വിവാഹബന്ധം നൽകുന്ന സുരക്ഷിതത്വമാണ് 48.1% ആഗ്രഹിക്കുന്നത്. മാതൃത്വം/പിതൃത്വം 46.7% പേരും സഹവാസം 45.2% പേരും തിരഞ്ഞെടുക്കുന്നു. ലൈംഗികസംതൃപ്തിക്കായി വിവാഹം കഴിക്കാൻ ഉദ്ദേശിക്കുന്നവർ 31.1% ആണ്. 30.4% പേർ സാമ്പത്തിക ഭദ്രതയും 0.7% പേർ നിയമപരിരക്ഷയും വിവാഹം കഴിക്കുന്നതിന്റെ കാരണങ്ങൾ ആയി കാണുന്നു.
- 68.1% പേരും തങ്ങളുടെ ദാമ്പത്യജീവിതത്തിന് റോൾ മോഡലാക്കുന്നത് മാതാപിതാക്കളെയാണ്. 15.6% പേർ സെലിബ്രിറ്റികളെയും 15.6% പേർ സുഹൃത്തുക്കളെയും 2.1% ഫിക്ഷണൽ കഥാപാത്രങ്ങളെയും മാതൃകയാക്കുന്നു. 16.8% പേർ ആരെയും റോൾ മോഡലാക്കുന്നില്ല.
- 90.9% പേരും നല്ല വ്യക്തിത്വമുള്ളവരെ തങ്ങളുടെ ജീവിതപങ്കാളി ആക്കുവാൻ ഇഷ്ടപ്പെടുന്നു. ആശയപ്പൊരുത്തം (74.7%), ഉയർന്ന ജോലി (32.6%), സൗന്ദര്യം (26.6%), ഉയർന്ന വരുമാനം (25.2%), ബന്ധുബലം (24.4%), രാഷ്ട്രീയ സ്വാധീനം (2.2%) എന്നിവയും പുതുതലമുറ തങ്ങളുടെ പങ്കാളിയിൽ ആഗ്രഹിക്കുന്ന ഗുണങ്ങൾ ആണ്. 2.9% പേർ മാത്രമേ സ്നേഹം തിരഞ്ഞെടുത്തിട്ടുള്ളൂ എന്നത് ശ്രദ്ധേയമാണ്.
- വിവാഹത്തിന് അനുയോജ്യമായ പ്രായം സ്ത്രീക്ക് 24-25 ആണ് എന്നാണ് 40% പേർ അഭിപ്രായപ്പെടുന്നത്. 22 -23 15.5% പേരും 26 -27 11.1% പേരും നിർദ്ദേശിക്ക


ISSN: 2582 - 2594

ന്നു. സ്ത്രീയുടെ വിവാഹപ്രായം 30 ൽ കവിയുന്നതിനെ 5.1% പേർ മാത്രം അനുകൂലിക്കുന്നു. 20 വയസ്സിൽ താഴെ 0.7% പേർ തിരഞ്ഞെടുക്കുന്നു. പുരുഷന് വിവാഹിതൻ ആകാൻ അനുയോജ്യമായ പ്രായം 24-25 ആണെന്ന് 28.1% പേർ അഭിപ്രായപ്പെടുന്നു. 26-27 25.9% പേരും 28-29 16.2% പേരും തിരഞ്ഞെടുക്കുന്നു. 10.3% പേർ പുരുഷന്റെ വിവാഹ പ്രായം 30 വയസ്സിന് മുകളിൽ ആകുന്നതിനെ അനുകൂലിക്കുന്നവർ ആണ്. കൃത്യമായ പ്രായപരിധി ഇല്ലെന്നും സ്ത്രീയും പുരുഷനും ശാരീരികമായും മാനസികമായും സാമ്പത്തികമായും തയാറാകുമ്പോൾ മാത്രം വിവാഹം കഴിക്കുക എന്ന അഭിപ്രായമാണ് 15.5% പേർ പങ്കുവെക്കുന്നത്.

- LGBTQ ആയി തിരിച്ചറിയുന്ന വ്യക്തികൾക്കിടയിൽ പ്രവർത്തിക്കുന്നതിനോട് 69.6% പേർ യോജിക്കുമ്പോൾ 30.4% പേർ ഇതിൽ അസ്വസ്ഥരാണ്.
- സ്വവർഗ്ഗരതി (Homo Sexuality) ഒരു വ്യക്തിയുടെ തിരഞ്ഞെടുപ്പാണ് എന്ന വാദം 72.6% പേർ അംഗീകരിക്കുന്നു. എന്നാൽ 27.4% പേർ ഇതിനോട് യോജിക്കുന്നില്ല.
- സ്വവർഗ്ഗവിവാഹം ഇന്ത്യയിൽ നിയമപരമായി അംഗീകരിക്കേണ്ട സാഹചര്യം നിലനിൽക്കുന്നുവെന്ന് 71.1% പേർ അഭിപ്രായപ്പെടുന്നു. 28.9% പേർ ഇതിനോട് വിയോജിക്കുന്നു.
- ഭിന്ന ലൈംഗികത (Hetero Sexuality) യാണ് സ്വാഭാവികവും ശാസ്ത്രീയവും എന്ന് 77.8% പേർ വിശ്വസിക്കുന്നു. 22.3% പേർ ഇതിനോട് യോജിക്കുന്നില്ല.
- 75.5% പേർ പലപ്പോഴും ജീവിതത്തിൽ പരമ്പരാഗത ലിംഗമാനദണ്ഡങ്ങളെ ചോദ്യം ചെയ്യുന്നുണ്ട്. 24.5% പേർ പരമ്പരാഗത വിശ്വാസങ്ങൾ അംഗീകരിക്കുന്നവരാണ്.
- വ്യത്യസ്ത ലൈംഗികാഭിമുഖ്യങ്ങൾക്ക് ജൈവിക/ ജനിതക കാരണങ്ങളാണുള്ളത് എന്ന വാദത്തോട് 78.5% പേർ യോജിക്കുകയും 21.5% പേർ വിയോജിക്കുകയും ചെയ്യുന്നു.
- LGBTQ വിഭാഗത്തിൽപ്പെട്ട വ്യക്തി തങ്ങളുടെ ജീവിതപങ്കാളിയായി വരുന്നതിനോട് 80% പേരും താൽപ്പര്യപ്പെടുന്നില്ല. 20% പേർ ഇതിനെ അംഗീകരിക്കുന്നു.
- തന്റെ മകന്/ മകൾക്ക് വ്യത്യസ്ത ലൈംഗികാഭിമുഖ്യം ഉണ്ടാകുന്നതിനെ 54.9% പേരും ഉൾകൊള്ളുന്നു. എന്നാൽ 45.1% പേർ ഇതിനോട് യോജിക്കുന്നില്ല.
- തങ്ങളുടെ തൊഴിൽ സ്ഥാപനത്തിൽ വ്യത്യസ്ത ലൈംഗികാഭിമുഖ്യമുള്ളവർക്ക് ജോലി നൽകുന്നതിനോട് 93.4% പേരും യോജിക്കുന്നു. എന്നാൽ 6.6% ഇതിന് വിസമ്മതിക്കുന്നു.
- സ്കൂൾ/ കോളേജ് വിദ്യാർത്ഥികൾക്ക് ശരിയായ ലൈംഗിക വിദ്യാഭ്യാസം നൽകുന്നതിലൂടെ അവർ അനുഭവിക്കുന്ന ധാരാളം പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയും എന്ന് 97.8% പേരും അഭിപ്രായപ്പെടുന്നു.
- വ്യത്യസ്ത ലൈംഗികാഭിമുഖ്യമുള്ളവരെ ഉൾകൊള്ളുന്നതിൽ പ്രധാന തടസ്സമായി

73.3% പേരും ചൂണ്ടിക്കാണിക്കുന്നത് പരമ്പരാഗത വിശ്വാസങ്ങളാണ്. 43.7% പേർ മതത്തെയും 36.3% പേർ കുടുംബത്തെയും ഭയപ്പെടുന്നു. സാമൂഹികകാഴ്ച്ചപ്പാടുകൾ (6.3%), വ്യക്തിപരമായ ചിന്ത (5.6%) എന്നിവയും LGBTQ വ്യക്തികളെ അംഗീകരിക്കുന്നതിൽനിന്ന് ആളുകളെ പിന്തിരിപ്പിക്കുന്നു.

- പൊതുശൗചാലയങ്ങളിലും തൊഴിൽലഭ്യതയിലും LGBTQ വ്യക്തികൾക്ക് പ്രശ്നങ്ങൾ നിലനിൽക്കുന്നു എന്ന് 73.3% പേരും ഇല്ല എന്ന് 26.6% പേരും അഭിപ്രായപ്പെടുന്നു. വിവാഹകാര്യത്തിൽ പ്രതിസന്ധിയുണ്ട് എന്ന് 76.2% പേർ പറയുമ്പോൾ 23.7% പേർക്ക് എതിരഭിപ്രായമാണ്. പൊതു ഇടങ്ങളിലെ ദൃശ്യതയിൽ പ്രശ്നങ്ങൾ ഉണ്ട് എന്ന അഭിപ്രായം 77.03% പേരും ഇല്ല എന്ന് 22.9% പേരും പങ്കുവെക്കുന്നു. LGBTQ കമ്മ്യൂണിറ്റി വസ്ത്രധാരണത്തിൽ പ്രശ്നങ്ങൾ നേരിടുന്നുണ്ട് എന്ന് 60% പേരും പ്രശ്നങ്ങൾ ഇല്ല എന്ന് 40% പേരും അഭിപ്രായപ്പെടുന്നു. കായികമത്സരങ്ങളിൽ ഇക്കൂട്ടർക്ക് പ്രതിസന്ധി നിലനിൽക്കുന്നുവെന്ന് 58.5% പേരും ഇല്ലായെന്ന് 41.4% പേരും ചൂണ്ടിക്കാട്ടുന്നു.
- വസ്ത്രത്തിന്റെ പ്രാഥമിക ധർമ്മമായ നഗ്നത മറയ്ക്കാനാണ് 81.5% പേരും വസ്ത്രം ധരിക്കുന്നത്. 77.8% പേർ സ്വന്തം വ്യക്തിത്വത്തിന്റെ പൂർണ്ണതയ്ക്കും 28.9% പേർ സുന്ദരമായി പ്രത്യക്ഷപ്പെടുന്നതിനും വസ്ത്രം ധരിക്കുന്നു. മതം അനുശാസിക്കുന്നതുകൊണ്ട് വസ്ത്രം ധരിക്കുന്നവർ 10.4% ആണ്. 2.2% പേർ എതിർലിംഗത്തിൽപ്പെട്ടവരെ ആകർഷിക്കുന്നതിനായും 2.1% സുഖപ്രദമായതുകൊണ്ടും വസ്ത്രങ്ങൾ ഉപയോഗിക്കുന്നു.
- 65.2% പേരും തങ്ങളുടെ ശാരീരിക പ്രത്യേകതകൾക്കനുസരിച്ചുള്ള വസ്ത്രങ്ങൾ ഇഷ്ടപ്പെടുന്നു. വസ്ത്രത്തിന്റെ വില (63.7%), മാതാപിതാക്കളുടെ നിർദ്ദേശം(39.3%), വരുമാനം (32.6%) എന്നിവയും വസ്ത്രങ്ങളുടെ തിരഞ്ഞെടുപ്പിനെ സ്വാധീനിക്കുന്നു. 17.8% പേർ മതശാസനകൾക്കനുസരിച്ചുള്ള വസ്ത്രങ്ങൾ സ്വീകരിക്കുന്നുവെന്നത് ശ്രദ്ധേയമാണ്. 11.1% പേർ നാട്ടുനടപ്പ് പിന്തുടരുമ്പോൾ 4.2% പേർ സുഖകരമായ വസ്ത്രങ്ങളെ ആശ്രയിക്കുന്നു.
- 72.6% ആളുകളും കാഷ്വൽ വസ്ത്രങ്ങളാണ് ഇഷ്ടപ്പെടുന്നത്. ഫോർമൽ വസ്ത്രങ്ങൾ 39.3% പേരും 37% പേർ ട്രെൻഡി വസ്ത്രങ്ങളും തിരഞ്ഞെടുക്കുമ്പോൾ ആയാസരഹിതവും സുഖകരവുമായ വസ്ത്രങ്ങളാണ് 2.1% പേർ താൽപര്യപ്പെടുന്നത്.
- 95.6% ആളുകളും കടകളിൽനിന്ന് നേരിട്ട് വസ്ത്രങ്ങൾ തിരഞ്ഞെടുക്കുമ്പോൾ 40% പേർ ഓൺലൈൻ രീതി പിന്തുടരുന്നു.
- കഴിഞ്ഞദശകത്തിൽ കേരളത്തിലെ വസ്ത്രധാരണരീതി കൂടുതൽ ആധുനികവും ട്രെൻഡിയുമായി എന്നാണ് 91.1% പേർ അവകാശപ്പെടുന്നത്. കൂടുതൽ പരമ്പരാഗതവും യാഥാസ്ഥിതികവും ആയി എന്ന് 6.6% പേരും കാര്യമായ മാറ്റങ്ങളൊന്നും ഇല്ല എന്ന് 2.2% പേരും അഭിപ്രായപ്പെടുന്നു.
- വസ്ത്രധാരണരീതികളിലെ പരിണാമങ്ങൾ കൂടുതൽ സ്വയം പ്രകടിപ്പിക്കലിനും വ്യക്തി


ISSN: 2582 - 2594

ത്വ വികസനത്തിനും കാരണമാകും എന്നാണ് 72.6% ആളുകളും വിശ്വസിക്കുന്നത്. ഇവ കൂടാതെ വസ്ത്രധാരണരീതി കൂടുതൽ ഏകീകൃതമാകുമെന്ന് 20% പേർ ചിന്തിക്കുന്നു. യുവജനങ്ങൾക്കിടയിൽ പ്രായോഗികത(13.3%), സുസ്ഥിരത (7.4%)എന്നിവയും പ്രാധാന്യം നേടും. എന്നാൽ വസ്ത്രധാരണം യുവജനസംസ്കാരത്തെ ഒരു രീതിയിലും ബാധിക്കില്ല എന്നാണ് 0.7% പേർ അഭിപ്രായപ്പെടുന്നത്.

- 51.8% പേർ തങ്ങളുടെ വസ്ത്രധാരണരീതികൾക്ക് വിമർശന വിധേയമാകുന്നു. 48.1% പേർക്ക് യാതൊരു വിലക്കുകൾക്കും പാത്രമാകേണ്ടി വന്നിട്ടില്ല.
- 75.6% പേരും ട്രെൻഡുകൾക്കനുസരിച്ചുള്ള രീതി പിന്തുടരുമ്പോൾ 24.5% പേർ ഇതിനോട് വിയോജിക്കുന്നു.
- 86.7% ആളുകളും തങ്ങളുടെ വ്യക്തിത്വത്തെ പ്രതിഫലിപ്പിക്കുന്ന വസ്ത്രധാരണ രീതിയാണ് സ്വീകരിക്കുന്നത്. എന്നാൽ 13.3 % പേർ ഇതിനോട് യോജിക്കുന്നില്ല.
- ആൺ-പെൺഭേദ വസ്ത്രങ്ങളെക്കാൾ ലിംഗനിരപേക്ഷ (Gender neutral) വസ്ത്രങ്ങളാണ് കൂടുതൽ മികച്ചതെന്ന അഭിപ്രായമാണ് 72.6% പേർ പങ്കുവെക്കുന്നത്. 27.4% പേർക്ക് ഇതിനോട് വിയോജിപ്പുണ്ട്.

**ഉപസംഹാരം**

ആദിമ ഗോത്രസമൂഹങ്ങളിൽ തികച്ചും പ്രാകൃതമായ ജീവിതരീതികളാണ് മനുഷ്യർ പിന്തുടർന്നിരുന്നത്. ലൈംഗികപരമായ അരാജകത്വം നിലനിന്ന കുത്തഴിഞ്ഞ ജീവിതം സാംസ്കാരികമായ അധഃപതനങ്ങൾക്ക് കാരണമാകും എന്ന ചിന്തയിൽ നിന്നായിരിക്കാം സാമൂഹികമായ അഴിച്ചുപണികൾ അനിവാര്യമായത്. ആർക്കും ആരുമായും ലൈംഗികമായി ബന്ധപ്പെടാൻ കഴിയും എന്ന നിലയിൽ നിന്നും വിവാഹേതര ലൈംഗികത പാപമാണെന്ന ധാരണയിലേക്ക് സമൂഹം പരിവർത്തിക്കപ്പെട്ടു. പാശ്ചാത്യാധിനിവേശവും മിഷണറി പ്രവർത്തനങ്ങളും പ്രചരിപ്പിച്ച വിക്ടോറിയൻ മൂല്യങ്ങൾക്ക് ഈ സാമൂഹ്യപുനർനിർമ്മിതിയിൽ വളരെ വലിയ പങ്കുണ്ട്. സ്ത്രീ-പുരുഷബന്ധത്തിലൂന്നിയ ആധുനിക കുടുംബസങ്കൽപ്പങ്ങൾ പുത്രോൽപ്പാദനം ലക്ഷ്യമാക്കിയുള്ളവയായിരുന്നു. അതിനാൽത്തന്നെ ഇതരലൈംഗികബന്ധങ്ങൾക്ക് വേണ്ടത്ര സാമൂഹികാംഗീകാരം ലഭിച്ചില്ല.

ജാതി - മത - വർഗ്ഗ - ലിംഗാധിപത്യ സമൂഹം കൃത്രിമമായി സൃഷ്ടിച്ചെടുത്ത ചട്ടക്കൂടിനുള്ളിലായിരുന്നു മനുഷ്യരുടെ സ്ഥാനം. ആധുനിക കുടുംബസങ്കൽപ്പങ്ങളുടെ അടിസ്ഥാനമായി വിവാഹം എന്ന സ്ഥാപനം അവരോധിക്കപ്പെട്ടു. പത്തൊൻപതു മുതൽ ഇരുപതാം നൂറ്റാണ്ടിന്റെ പകുതിയോളം കേരളം ജാതിവ്യവസ്ഥയുടെ ശക്തമായ സാമൂഹികാഘാതങ്ങൾക്കിരയായി. ചാതുർവർണ്യത്തിലെ അയിത്താചാരം ജനജീവിതം ദുസ്സഹമാക്കി. ആധുനികതയുടെ വരവോടെ പാരമ്പര്യമായി പിന്തുടർന്നു വന്ന മാതൃദായകക്രമം പുരുഷകേന്ദ്രീകൃതമായ മക്കത്തായ വ്യവസ്ഥയിലേക്ക് മറ്റിസ്ഥാപിക്കുകയും പുരുഷൻ സ്വയമേ സ്ത്രീയുടെ സംരക്ഷകസ്ഥാനം കൈയേൽക്കുകയും ചെയ്തതോടെ വിവാഹരീതികൾ പരിഷ്കരിക്കപ്പെട്ടു. സംബന്ധം പോലുള്ള വിവാഹാചാരങ്ങൾ ഏകദാമ്പത്യത്തിലേക്ക് വഴിമാറി. തങ്ങളുടെ അധികാരപരിധിയിൽ

നിന്നുകൊണ്ട് പുരുഷാധിപത്യ സമൂഹം സൃഷ്ടിച്ച 'ഉത്തമകുടുംബിനി', 'മാന്യസ്ത്രീ' സങ്കൽപ്പങ്ങളിലൂടെ സ്ത്രീസ്വത്വത്തെ തളച്ചിടുവാനാണവർ ശ്രമിച്ചത്. വ്യക്തിയുടെ താൽപര്യങ്ങളെക്കാൾ സമൂഹത്തിന്റെ ഇച്ഛയ്ക്കായിരുന്നു ദാമ്പത്യത്തിൽ സ്ഥാനം. വ്യക്തിചിന്ത, സദാചാരം, തൊഴിൽ, ലൈംഗികത, വസ്ത്രധാരണം എന്നിങ്ങനെയുള്ള മേഖലകളിലെല്ലാം ലിംഗപരമായ വിവേചനങ്ങൾ ദൃശ്യമായിരുന്നു. ഇതിനെതിരെ പോരാടുന്നവരെ 'അപഥസഞ്ചാരിണി'കളായി ആൺകോയ്മ സമൂഹം മുദ്ര കുത്തുമായിരുന്നു. ആധുനികാനന്തര കാലത്ത് ഇത്തരം വിവേചനങ്ങൾ ചോദ്യം ചെയ്യപ്പെട്ടു. സ്ത്രീ - പുരുഷ ദ്വന്ദങ്ങളിലധിഷ്ഠിതമായ ലിംഗാധികാരങ്ങൾ ഇതര ലൈംഗിക സങ്കൽപ്പങ്ങളുടെ കടന്നുവരവോടെ അപ്രസക്തമായി തുടങ്ങി. വിവാഹം, ലൈംഗികത, വസ്ത്രധാരണം തുടങ്ങിയവയിലെല്ലാം പുതുമാതൃകകളുടെ കടന്നുകയറ്റം വിപ്ലവകരമായ സാമൂഹ്യമാറ്റത്തിന്റെ തുടക്കമാവുകയായിരുന്നു.

പുതുതലമുറയുടെ വിവാഹത്തെകുറിച്ചുള്ള കാഴ്ചപ്പാടുകൾ പരിശോധിക്കുമ്പോൾ വിവാഹം അനിവാര്യമായ ഒരു സ്ഥാപനം തന്നെയാണ് എന്ന അഭിപ്രായമാണ് ഉയർന്നുവരുന്നത്. പരമ്പരാഗതമായ വിവാഹസങ്കൽപ്പങ്ങളെ പിന്തുണക്കുമ്പോഴും സഹജീവിതം (living together) പോലുള്ള പുത്തൻ മാതൃകകളും വ്യക്തികളെ സ്വാധീനിക്കുന്നുണ്ട്. പരമ്പരാഗത വിവാഹങ്ങളിൽ സ്ത്രീ-പുരുഷ തുല്യത, പരസ്പര ബഹുമാനം, വ്യക്തിസ്വാതന്ത്ര്യം എന്നിവയുടെ ഗണ്യമായ കുറവ് അനുഭവപ്പെടാറുണ്ട്. അതിനെ ചോദ്യം ചെയ്യാനോ പ്രതിഷേധിക്കാനോ സ്ത്രീകൾ ഭയപ്പെട്ടിരുന്നു. എന്നാൽ പുതുതലമുറ (വിശേഷിച്ചും അഭ്യസ്തവിദ്യരായ സ്ത്രീകൾ)തുല്യതയിലും പരസ്പര സഹകരണത്തിലും ബഹുമാനത്തിലും സാമ്പത്തികവും വ്യക്തിപരവുമായ സ്വാതന്ത്ര്യത്തിലും അധിഷ്ഠിതമായ ജീവിതമാണ് ആഗ്രഹിക്കുന്നത്. കൃത്യമായ സ്നേഹപരിചരണങ്ങൾ ലഭിക്കാത്തിടത്തുനിന്ന് ഇറങ്ങിവരാനും ഇന്നത്തെ തലമുറ ധൈര്യം കാണിക്കുന്നു. വിവാഹത്തിന്റെ കെട്ടുപാടുകളില്ലാത്ത സഹജീവിതമാതൃകകൾ ആളുകൾ തിരഞ്ഞെടുക്കുന്നതിന്റെ കാരണവും ഇതുതന്നെയാകാം. സഹജീവികളായി ജീവിക്കുന്ന സ്ത്രീയും പുരുഷനും തുല്യരും സ്വതന്ത്രരുമാണ്. മറ്റൊരാളുടെമേൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിനോ അധികാരപ്രയോഗത്തിനോ ഇവിടെ സ്ഥാനമില്ല. ഒത്തുപോകാനാകാതെ വരുമ്പോൾ ഉപാധികളില്ലാതെ പിരിഞ്ഞുപോകാനും സാധിക്കും. പുരുഷാധികാരകേന്ദ്രങ്ങളായ പരമ്പരാഗത കുടുംബസങ്കൽപ്പങ്ങളെ പൊളിച്ചെഴുതുകയാണ് സഹജീവിതം പോലുള്ള ജീവിതരീതികൾ ചെയ്യുന്നത്. വിവാഹബന്ധം കൂടാതെയുള്ള സാമൂഹ്യജീവിതം സ്ത്രീക്കും പുരുഷനും സാധ്യമാണെന്ന പ്രതികരണങ്ങൾ ഇതാണ് വെളിപ്പെടുത്തുന്നത്. ജീവിതപങ്കാളിയുടെ തിരഞ്ഞെടുപ്പിലും ശ്രദ്ധേയമായ മാറ്റങ്ങൾ കടന്നുവരുന്നുണ്ട്. വിവാഹിത/തൻ ആകാനുള്ള പ്രധാന കാരണം സ്നേഹമാണ് എന്ന് പറയുമ്പോഴും 90% പേരും തങ്ങളുടെ ജീവിതപങ്കാളി നല്ല വ്യക്തിത്വമുള്ളയാളായിരിക്കണം എന്നാഗ്രഹിക്കുന്നു. ആശയപ്പൊരുത്തം, ഉയർന്ന ജോലി, വരുമാനം എന്നിവയെല്ലാം പങ്കാളിയിൽ ആഗ്രഹിക്കുന്ന ഗുണങ്ങൾ ആണ്. 2.9 % പേർ മാത്രമേ സ്നേഹം എന്ന ഗുണം ഒരു ഘടകമാണെന്ന് പ്രസ്താവിക്കുന്നുള്ളൂ. തങ്ങളുടെ ജീവിതപങ്കാളിക്ക് വിവാഹത്തിന് മുൻപോ ശേഷമോ മറ്റ് ലൈംഗിക പങ്കാളികൾ ഉണ്ടാകുന്നതിനോട് ഭൂരിഭാഗം പേർക്കും എതിരഭിപ്രായമാണ്. ബഹുപങ്കാളിത്തം നിലനിന്നിരുന്ന പഴയ വിവാഹസങ്കൽപ്പങ്ങളിൽ നിന്നുള്ള വ്യക്തമായ ചിന്താവ്യതിയാനം ഇവിടെ കാണാനാകും. വിവാഹിത/ തൻ ആകാനുള്ള മികച്ച പ്രായം 24 മുതൽ 25


ISSN: 2582 - 2594

വരെയാണ് എന്നഭിപ്രായപ്പെട്ടുമ്പോഴും ശാരീരികമായും മാനസികമായും സാമ്പത്തികമായും തയാറാകുമ്പോൾ മാത്രം അതിനായി ഒരുങ്ങുക എന്ന ചിന്തയാണ് വിദ്യാർത്ഥികൾ പങ്കുവെക്കുന്നത്. വിവാഹപരാജയങ്ങളും സ്ത്രീധന-ഗാർഹിക പീഡനങ്ങളും ദാമ്പത്യബലാത്സംഗങ്ങളും വാർത്തകളിൽ നിറഞ്ഞുനിൽക്കുന്ന സമകാലിക സാഹചര്യം വിദ്യാർത്ഥികളുടെ ചിന്തകളെ സ്വാധീനിക്കുന്നുണ്ട്. സമൂഹത്തിന്റെ കാഴ്ചപ്പാടുകളെക്കാൾ സ്വന്തം താൽപര്യങ്ങൾക്കും അഭിപ്രായങ്ങൾക്കുമാണ് യുവതലമുറ മുൻതൂക്കം കൊടുക്കുന്നതെന്നത് ആശ്വാസകരമാണ്.

വർത്തമാനകാലത്ത് ഏറെ സജീവമായ ഒന്നാണ് ലിംഗപരതയെക്കുറിച്ചുള്ള ചർച്ചകൾ. പ്രാചീന ഇന്ത്യൻ സമൂഹം ലൈംഗികതയോട് തുറന്ന മനസ്സോടെയാണ് ഇടപെടുന്നത് എന്നതിന് ധാരാളം തെളിവുകളുണ്ട്. അവയെല്ലാം സ്ത്രീ പുരുഷബന്ധത്തെ അടിസ്ഥാനമാക്കിയുള്ളവയായിരുന്നു. ഈ ദ്വന്ദത്തെ ആസ്പദമാക്കിയുള്ള സാമൂഹ്യനിർമ്മിതിയാണ് കാലാകാലങ്ങളായി പിന്തുടർന്നുവന്നിരുന്നത്. സ്ത്രീക്കും പുരുഷനും സമൂഹം കൽപ്പിച്ചു നൽകിയ പദവിസങ്കൽപ്പങ്ങളെ നിരാകരിച്ചുകൊണ്ട് ഇതര ലൈംഗികത മുഖ്യധാരയിലേക്ക് നീങ്ങുന്ന കാഴ്ചയാണ് സമകാലിക രാഷ്ട്രീയത്തിൽ കാണാനാവുന്നത്. കല, സാഹിത്യം തുടങ്ങിയവയിലെല്ലാം ഇന്ന് അവരുടെ കൈയൊപ്പ് പതിഞ്ഞിട്ടുണ്ട്. എന്നാലും സമൂഹം ഇപ്പോഴും പൂർണ്ണമായും അവരെ അംഗീകരിക്കുന്നതിൽ വിമുഖത പ്രകടിപ്പിക്കുന്നു. പ്രത്യുൽപാദന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന സാമ്പ്രദായിക കുടുംബസങ്കൽപ്പങ്ങൾ ലൈംഗിക ന്യൂനപക്ഷങ്ങളുടെ അവകാശങ്ങളെ പരിഗണിക്കുന്നില്ല. സ്വവർഗ്ഗ ലൈംഗികത രോഗാവസ്ഥയാണെന്നും ചികിത്സിച്ച് 'നേർവഴി'ക്ക് കൊണ്ടുവരാം എന്നൊക്കെയുള്ള അബദ്ധധാരണകൾ വ്യത്യസ്തതകൾ ഭയപ്പെടുന്ന അധികാരസമൂഹത്തിന്റെ അടയാളമാണ്. തങ്ങളുടെ രീതികളിലേയ്ക്ക് അവരെ പരുവപ്പെടുത്തിയെടുക്കാൻ പുച്ഛം, പരിഹാസം, അക്രമം എന്നിങ്ങനെ ആയുധങ്ങൾ മാറിമാറി ഉപയോഗിക്കുന്നു. ഭിന്നലൈംഗികതപോലെതന്നെ മാനിക്കപ്പെടേണ്ട ഒന്നാണ് സ്വവർഗലൈംഗികതയും. സാമൂഹ്യസദാചാര സങ്കൽപ്പങ്ങൾ ഇതര ലൈംഗികവ്യക്തിത്വങ്ങളെ സമ്മർദ്ദത്തിലാഴ്ത്തുന്നു. യുവതലമുറയിലും സമാന വിഷയത്തിൽ സമ്മിശ്രമായ അഭിപ്രായങ്ങളാണ് ഉള്ളത്. 78 % പേരും ഭിന്നലൈംഗികതയാണ് സ്വാഭാവികവും ശാസ്ത്രീയവുമായിട്ടുള്ളത് എന്ന് അഭിപ്രായപ്പെടുന്നു. അതേസമയം വ്യത്യസ്ത ലൈംഗികാഭിമുഖ്യങ്ങൾക്ക് ജൈവിക/ജനിതക കാരണങ്ങളാണുള്ളത് എന്ന് വിശ്വസിക്കുകയും ചെയ്യുന്നു. ഈ അഭിപ്രായങ്ങളിലെ വൈരുദ്ധ്യം സ്വാഭാവികമല്ല. ഒരേസമയം പൊതു സമൂഹത്തിന്റെ ആഗ്രഹത്തി(social desire)നോടൊപ്പം നിലകൊള്ളുകയും ഉള്ളിന്റെ ഉള്ളിൽ ഭിന്ന ലൈംഗികതയോട് മമത പുലർത്തുകയും ചെയ്യുന്ന രാഷ്ട്രീയ കൃത്യത(political correctness)യാണ് ഇവിടെ പ്രവർത്തിക്കുന്നത്. LGBTQ (lesbian, gay, bisexual, transgender, queer) വിഭാഗത്തിൽപ്പെട്ട വ്യക്തികളോടൊപ്പം പ്രവർത്തിക്കുന്നതിൽ എഴുപത് ശതമാനം പേർ സന്നദ്ധത പ്രകടിപ്പിക്കുന്നുണ്ടെങ്കിലും തങ്ങളുടെ ജീവിതപങ്കാളി ഇതര ലൈംഗിക വ്യക്തിത്വത്തിന്റെ ഉടമയാണ് എന്നതിനെ 80% പേരും എതിർക്കുന്നു. പരമ്പരാഗത വിശ്വാസം, മതം, കുടുംബം എന്നിവയെല്ലാം ഇതര ലൈംഗികവ്യക്തിത്വങ്ങളെ ഉൾക്കൊള്ളുന്നതിന് തടസ്സങ്ങളാണ്. സ്വവർഗ്ഗ രതി ഒരു വ്യക്തിയുടെ തിരഞ്ഞെടുപ്പാണ് എന്നാണ് 73% വിശ്വസിക്കുന്നത്. അതിന്റെ ശാസ്ത്രീയവശങ്ങളെ കുറിച്ച് യുവതലമുറ ബോധവാന്മാരല്ല എന്നാണ് ഇത് തെളിയിക്കുന്നത്. ഭിന്നലൈംഗികതയെപ്പോലെതന്നെ സ്വവർഗലൈംഗികതയും ഒരു തിരഞ്ഞെടുപ്പല്ല.

ലൈംഗികപരമായ വിഷയങ്ങളെക്കുറിച്ച് യുവതലമുറക്ക് കൃത്യമായ ധാരണയില്ലെന്നതാണ് സത്യം. ശരിയായ ലൈംഗികവിദ്യാഭ്യാസം സ്കൂൾ-കോളേജ് തലങ്ങളിൽ നൽകേണ്ടുന്നതിന്റെ ആവശ്യകത പ്രതികരണങ്ങളിൽ നിന്ന് വ്യക്തമാണ്. ലൈംഗിക ന്യൂനപക്ഷങ്ങളുടെ ശാസ്ത്രീയത തിരിച്ചറിയുന്നത് അവർ നേരിടുന്ന വ്യക്തിപരവും സാമൂഹികവുമായ പ്രശ്നങ്ങളെ കുറിച്ച് മനസ്സിലാക്കുന്നതിന് അത്യന്താപേക്ഷിതമാണ്.

പത്തൊൻപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ കേരളത്തിലെ ജാതീയമായ വ്യതിരിക്തതകളെ അടയാളപ്പെടുത്തിയിരുന്ന വസ്ത്രങ്ങൾ ഇന്ന് ലിംഗപദവിയുമായി അടുത്ത ബന്ധം പുലർത്തുന്ന ഒന്നായി മാറി. നഗ്നത മറയ്ക്കുക എന്ന പ്രാഥമിക ധർമ്മത്തിലുപരിയായി ഇന്ന് വസ്ത്രസങ്കൽപ്പം ബഹുദൂരം മുന്നോട്ട് വന്നുകഴിഞ്ഞു. പാശ്ചാത്യരുടെ കടന്നുവരവും ആധുനികതയുമാണ് വസ്ത്രം ധരിക്കേണ്ടുന്നതിന്റെ ആവശ്യകത കേരളീയരെ ബോധ്യപ്പെടുത്തിയത്. ജാതിവ്യവസ്ഥ കൊടുമ്പിരികൊണ്ടിരുന്ന അക്കാലത്ത് നമ്പൂതിരി സമുദായത്തിലെ ചില സ്ത്രീകൾ ഒഴിച്ച് മറ്റെല്ലാവരും തന്നെ അരയ്ക്കുമുകളിൽ നഗ്നരായിരുന്നു. ഇതിനെതിരെ ചാന്നാർ സ്ത്രീകൾ നടത്തിയ 'മേൽമുണ്ട് കലാപം' ചരിത്രമാണ്. പിന്നീട് പുരുഷകേന്ദ്രീകൃതമായ കുടുംബവ്യവസ്ഥയുടെ ആവിർഭാവത്തോടെ സ്ത്രീയെ പുരുഷന് കീഴിൽ പ്രതിഷ്ഠിക്കുന്ന പുതിയ സാമൂഹ്യനയങ്ങൾ രൂപംകൊണ്ടു. ചാരിത്ര്യം, സദാചാരം തുടങ്ങിയവയുടെ സംരക്ഷണം സ്ത്രീയുടെ മാത്രം ഉത്തരവാദിത്തമായി. പുരുഷാധികാര താൽപര്യങ്ങൾക്കനുസരിച്ച് സൃഷ്ടിക്കപ്പെട്ട 'ഉത്തമ കുടുംബിനി', 'മാന്യസ്ത്രീ' സങ്കൽപ്പങ്ങൾ സ്ത്രീസ്വത്വത്തെ അടുക്കളയിൽ തളച്ചിട്ടു. വസ്ത്രങ്ങളുടെ കാര്യത്തിലും ഈ അധികാരം പ്രവർത്തിച്ചിരുന്നു. പുരുഷന്മാർക്ക് മുണ്ടും സ്ത്രീകൾക്ക് സാരിയും 'തനിമ'യുള്ള വേഷമായി അവരോധിക്കപ്പെട്ടു. ചലനസ്വാതന്ത്ര്യം നിയന്ത്രിക്കുന്ന സാരി സ്ത്രീയുടെ ശരീരത്തെയും പൊതിഞ്ഞുപിടിച്ചു. പിന്നീട് ചുരിദാർ കടന്നുവന്നതോടെ കാലുകൾ കൂടുതൽ ദൃശ്യമാവുകയും ചലനസാധ്യത എളുപ്പമാക്കുകയും ചെയ്തു. സ്ത്രീകളുടെ ഇടയിൽ ചുരിദാറിനു വൻ പ്രചാരം ലഭിച്ചതോടെ അതിനെതിരായി പുരുഷാധിപത്യസമൂഹം രംഗത്തു വന്നു. ചുരിദാർ തദ്ദേശീയമായ വസ്ത്രമല്ലെന്നും 'ഉത്തമ'മായ വേഷമല്ലെന്നും കാലുകൾ അശ്ലീലമാണെന്നും ഉള്ള വാദങ്ങൾ ഉയർന്നുവന്നെങ്കിലും ചുരിദാർ ജനകീയമായി തന്നെ തുടർന്നു. പിന്നീട് പല പരിഷ്കാരങ്ങളും വസ്ത്രങ്ങളിൽ വന്നുപോയി. സമകാലിക വസ്ത്ര താൽപര്യങ്ങൾ ലിംഗഭേദാതീതമാണ്. സ്ത്രീ-പുരുഷ വ്യത്യാസമില്ലാതെ എല്ലാവരും ഒരുപോലെ ആഘോഷമാക്കുന്നു. ആധുനിക വസ്ത്രങ്ങൾക്ക് പ്രായഭേദമില്ല. മൂക്കുത്തിയിടുന്ന ആണും മുണ്ടുടുക്കുന്ന പെണ്ണും ഇന്ന് സാധാരണ കാഴ്ചയാണ്.

വസ്ത്രത്തിന്റെ പൊതുധർമ്മമായ നഗ്നത മറയ്ക്കുക എന്നത് തന്നെയാണ് വസ്ത്രം ധരിക്കുന്നതിന്റെ ഉദ്ദേശ്യമായി വിദ്യാർത്ഥികൾ ചൂണ്ടിക്കാണിക്കുന്നത്. സുന്ദരമായി പ്രത്യക്ഷപ്പെടുന്നതിനും വ്യക്തിത്വത്തിന്റെ പൂർണ്ണതയും മറ്റ് ഘടകങ്ങളാണ്. ഭൂരിഭാഗവും തങ്ങളുടെ ശാരീരിക പ്രത്യേകതകൾ അനുസരിച്ചുള്ള വസ്ത്രങ്ങൾ തിരഞ്ഞെടുക്കുന്നു. സമൂഹത്തിന്റെ പൊതുബോധത്തേക്കാൾ സ്വന്തം താൽപര്യങ്ങൾക്കാണ് യുവതലമുറ പ്രാധാന്യം കൊടുക്കുന്നത്. കഴിഞ്ഞ ദശകത്തിൽ കേരളത്തിലെ വസ്ത്രധാരണം കൂടുതൽ ആധുനികവും ട്രെൻഡിയുമായി എന്നാണ് ഭൂരിപക്ഷാഭിപ്രായം. മാറിവരുന്ന ട്രെൻഡുകൾ പരീക്ഷിക്കുന്നതിൽ യുവാക്കൾ തൽപരരാണ്. ആൺ - പെൺ ഭേദമില്ലാത്ത വസ്ത്രങ്ങൾ ധരിക്കാനാണ് അവർ കൂടുതൽ ആഗ്രഹിക്കുന്നത്. എങ്കിലും

വിവാഹം, തൊഴിൽസംബന്ധിയായ കാര്യങ്ങളിൽ പരമ്പരാഗത വസ്ത്രങ്ങൾ തന്നെയാണ് ഇപ്പോഴും ആളുകൾ തിരഞ്ഞെടുക്കുന്നത് എന്നതാണ് യാഥാർത്ഥ്യം. പൊന്നിലും പട്ടുവസ്ത്രത്തിലും പൊതിഞ്ഞ പെൺവേഷങ്ങൾക്ക് ഇപ്പോഴും ആരാധകരുണ്ട്. ഉപഭോക്തൃസംസ്കാരത്തിലെ വിപണനതന്ത്രങ്ങൾ യുവാക്കളിലും സ്വാധീനമുറപ്പിച്ചിട്ടുണ്ട്. സോഷ്യൽ മീഡിയ, പരസ്യങ്ങൾ, ചലച്ചിത്രങ്ങൾ എന്നിവ ഈ പ്രചരണങ്ങളിൽ മുഖ്യപങ്ക് വഹിക്കുന്നു. സാമ്പ്രദായിക സങ്കൽപ്പങ്ങൾ മാറിമറയുന്ന ഇക്കാലത്ത് തങ്ങളുടെ സ്വയം നിർണ്ണയാവകാശങ്ങളെ കുറിച്ച് യുവതലമുറ ബോധവാന്മാരാണ്. പരമ്പരാഗത ആചാരവിശ്വാസങ്ങൾ ഉപേക്ഷിച്ച് കൂടുതൽ സ്വകാര്യവും വ്യക്തിപരമായ താൽപര്യങ്ങൾക്കനുസരിച്ചുമുള്ള വിവാഹം, വസ്ത്രധാരണം എന്നിവയിലെ തിരഞ്ഞെടുപ്പ് ഇത് ശരിവയ്ക്കുന്നു.

## ആധാരസൂചി

ഉഷാകുമാരി ജി, ഉടൽ ഒരു നെയ്ത്ത് സംസ്കാരത്തിന്റെ സ്ത്രീവായന, എസ് പി സി എസ്, കോട്ടയം, 2013.

ഉഷാകുമാരി ജി, ശരീരത്തിന്റെ സാമൂഹിക ഭാവനകൾ, ഡി.സി. ബുക്സ്, കോട്ടയം, 2022.

എംഗൽസ് ഫ്രെഡറിക്, കുടുംബം സ്വകാര്യസ്വത്ത് ഭരണകൂടം എന്നിവയുടെ ഉത്ഭവം, ദാമോദരപ്പിള്ള പി എൻ (പരിഭാഷ), ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം, 1980.

ഗണേഷ് കെ എൻ, കേരളത്തിന്റെ ഇന്നലെകൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2011.

ചന്ദ്രിക സി എസ്, കേരളത്തിന്റെ സ്ത്രീചരിത്രങ്ങൾ സ്ത്രീമുന്നേറ്റങ്ങൾ, ഡി.സി. ബുക്സ്, കോട്ടയം, 2016..

ദേവിക ജെ (എഡി.), ആണരശു നാട്ടിലെ കാഴ്ചകൾ, വുമൺസ് ഇംപ്രിന്റ്, തിരുവനന്തപുരം, 2006.

നാരായണൻ എം ജി എസ്, ചരിത്രം വ്യവഹാരം കേരളവും ഭാരതവും, കറന്റ്ബുക്സ്, തൃശ്ശൂർ, 2015.

പണിക്കർ കെ എൻ, സംസ്കാരവും ദേശീയതയും, കറന്റ് ബുക്സ്, തൃശ്ശൂർ, 2010.

ബ്രഹ്മമംഗലം മാധവൻ, വിവാഹം കാലഘട്ടങ്ങളിലൂടെ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2001.

ഭാസ്കരനുണ്ണി പി, പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 1988.

രവിവർമ്മ കെ ടി, മരുമക്കത്തായം ഗോത്രമരുമക്കത്തായവും വടക്കൻ സമ്പ്രദായങ്ങളും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2004.

സത്യൻ പി പി, ലൈംഗികതയുടെ ചരിത്രം, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം, 2014

റോബിൻ ജെഫ്രി, നായർ മേധാവിത്വത്തിന്റെ പതനം, (വിവ.) പുതുപ്പള്ളി രാഘവൻ, എം എസ് ചന്ദ്രശേഖര വാര്യർ, ഡി.സി. ബുക്സ്, കോട്ടയം, 2003.